**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3889** **03-03-2023 - ൽ മറുപടിയ്ക്ക്**

**മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് സർവ്വേ നമ്പർ 48/1എ യിൽ ഉൾപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.8 ഏക്കർ സ്ഥലത്ത് നിന്നും 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷയുടെ പുരോഗതി അറിയിക്കുമോ; | (എ) | മങ്കട പോലീസ് സ്റ്റേഷന് വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് സർവ്വേ നമ്പർ 48/1A യിൽ ഉൾപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.8 ഏക്കർ സ്ഥലത്തു നിന്നും 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് ലഭിക്കുന്നതിനായി 29.11.2021ൽ മലപ്പുറം ജില്ലാ കളക്ടർക്ക് ജില്ലാ പോലീസ് മേധാവി അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലം കൈമാറി കിട്ടുന്നതിന് ആഭ്യന്തര വകുപ്പ് യഥാസമയം അപേക്ഷയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ ജില്ലാകളക്ടറുമായി ഏതെങ്കിലും യോഗങ്ങൾ ചേർന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഭൂമി വേഗത്തിൽ കൈമാറി കിട്ടുന്നതിനായി ജില്ലാകളക്ടർക്ക് മലപ്പുറം ജില്ലാ പോലീസ് മേധാവി ഓർമ്മക്കുറിപ്പുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ജില്ലാകളക്ടറുമായി യോഗം ചേർന്നിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തി സമയ ബന്ധിതമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ